പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1374** **15-10-2026-ൽ മറുപടിയ്ക്ക്**

**മലയോര-സാഹസിക ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** മലയോര മേഖലകളിൽ പ്രവർത്തിക്കുന്ന സാഹസിക ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള രജിസ്ട്രേഷനും സുരക്ഷാ പെർമിറ്റുകളും നിർബന്ധമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

**മറുപടി:** മലയോര മേഖലകളിൽ സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് കേരള സർക്കാരിന്റെ 14.10.2019-ലെ സ.ഉ. (എം.എസ്.) നം. 18/2019/ടൂറിസം പ്രകാരം പുറപ്പെടുവിച്ച Kerala Adventure & Activity Based Tourism Safety and Security Guidelines അനുസരിച്ചാണ്. പ്രസ്തുത മാർഗനിർദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ, ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ, പരിശീലനം ലഭിച്ച ജീവനക്കാരുടെ സേവനം, ഇൻഷ്വറൻസ് പരിരക്ഷ, അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ഉറപ്പുവരുത്തിയ ശേഷമാണ് രജിസ്ട്രേഷൻ നടപടികൾ പരിഗണിക്കുന്നത്.

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അപേക്ഷകൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) മുഖേന പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുകയും സംസ്ഥാനതല വിദഗ്ധ സമിതിയുടെ പരിശോധനയും ശുപാർശയും പരിഗണിച്ച് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**(ബി)** വന്യജീവി സങ്കേതങ്ങൾക്കും കാടുകൾക്കും സമീപമുള്ള ടൂറിസം കേന്ദ്രങ്ങളിൽ വനം വകുപ്പുമായുള്ള ഏകോപനത്തിലൂടെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്?

**മറുപടി:** വന്യജീവി സങ്കേതങ്ങൾക്കും വനമേഖലകൾക്കും സമീപമുള്ള പ്രദേശങ്ങളിൽ സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ

നടത്തുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് ആവശ്യമായ അനുമതികൾ നേടിയിരിക്കേണ്ടതാണ്. വനമേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വനം വകുപ്പിന്റെയും ബന്ധപ്പെട്ട മറ്റ് അധികാരികളുടെയും നിർദേശങ്ങളും നിബന്ധനകളും പാലിക്കേണ്ടതുണ്ട്.

കൂടാതെ, കേരള സർക്കാരിന്റെ 14.10.2019-ലെ സ.ഉ. (എം.എസ്.) നം. 18/2019/ടൂറിസം പ്രകാരം പുറപ്പെടുവിച്ച Kerala Adventure & Activity Based Tourism Safety and Security Guidelines അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**